REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-06-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **PM-ശ്രീ വിഷയത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.**
- **മയക്കുമരുന്ന് കടത്തിനെതിരെ സംയുക്ത പോരാട്ടം ശക്തമാക്കാൻ കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് മുഖ്യമന്ത്രി VD സതീശൻ കത്തയച്ചു.**
- **മനുഷ്യ - വന്യജീവി സംഘർഷം കുറയ്ക്കാൻ വനംവകുപ്പ് 'വിഷൻ 2031' പദ്ധതി തയ്യാറാക്കിയതായി മന്ത്രി ഷിബു ബേബി ജോൺ.**
- **തിരുവനന്തപുരം കോർപറേഷനിലെ 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ അസാധുവെന്ന് ഹൈക്കോടതി.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ സ്വിറ്റ്സർലണ്ട് - കാനഡയെ നേരിടും. ബ്രസീൽ - സ്കോട്ലൻഡ് മത്സരം നാളെ പുലർച്ചെ 3.30-ന്.**

## വാർത്തകൾ വിശദമായി

PM-ശ്രീ വിഷയത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ ഇന്ന് ഇറങ്ങിപ്പോയി. CPI യിലെ P പ്രസാദാണ് നോട്ടീസ് നൽകിയത്.

കൂടുതൽ വിവരങ്ങളുമായി രെജു കോലിയക്കോട്

...........വോയ്സ്.......

പി എം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ പൊതു സമൂഹത്തിന് ഉണ്ടായ ആശങ്ക സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന്  പി പ്രസാദ് ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്.

പി എം ശ്രീ പദ്ധതി നടപ്പിലാക്കില്ലെന്ന് മന്ത്രി എൻ ഷംസുദ്ദീന് പറയാൻ കഴിയാത്തത് അപമാനകരമാണെന്നും  പദ്ധതിയുടെ എം ഒ യു വിൽ നിന്ന് നിയമപരമായ മാർഗ്ഗത്തിലൂടെ സർക്കാരിന് പിന്മാറാൻ കഴിയുമെന്നും പി പ്രസാദ് പറഞ്ഞു. പി എം ശ്രീ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റേത് ലജ്ജാകരമായ കീഴടങ്ങലാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി  വിജയൻ ആരോപിച്ചു.  പി എം ശ്രീ പദ്ധതിയുടെ വക്താക്കളായി യു ഡി എഫ് സർക്കാർ മാറുന്നുവെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

പി എം ശ്രീയുമായി ബന്ധപ്പെട്ട ധാരണാപത്രം മരവിപ്പിച്ചുകൊണ്ട് കേന്ദ്രത്തിന് കഴിഞ്ഞ എൽ ഡി എഫ് സർക്കാർ കത്തെഴുതിയെന്നും അതുമായി കഴിഞ്ഞ സർക്കാർ മുന്നോട്ടുപോയിട്ടില്ലെന്നും പിണറായി വിജയൻ പറഞ്ഞു.

കഴിഞ്ഞ എൽ ഡി എഫ് സർക്കാർ ഒപ്പിട്ട പദ്ധതിയാണ് പി എം ശ്രീയെന്നും പുതിയ സർക്കാർ തുടർ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തതെന്നും മന്ത്രി എൻ ഷംസുദ്ദീൻ മറുപടിയായി പറഞ്ഞു.

വിഷയം പഠിക്കാൻ രൂപീകരിച്ച മന്ത്രിഭാ ഉപസമിതി ഇന്ന് ആദ്യ യോഗം ചേരുമെന്നും കരിക്കുലം ഉൾപ്പെടെയുള്ള കാര്യങ്ങൾ യോഗം ചർച്ച ചെയ്യുമെന്നും വിദ്യാഭ്യാസ മന്ത്രി സഭയെ അറിയിച്ചു.  പി എം ശ്രീയിൽ ഈ സർക്കാർ ഒരു തീരുമാനവും  പ്രഖ്യാപിച്ചിട്ടില്ലെന്നും ഉപസമിതി റിപ്പോർട്ടിന് ശേഷം മാത്രമാകും ഒരു തീരുമാനം ഉണ്ടാവുകയെന്നും മന്ത്രി എൻ ഷംസുദീൻ വ്യക്തമാക്കി. അതിനാൽ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയെതുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപോകുകയായിരുന്നു..

✪✪✪

അടിസ്ഥാന പശ്ചാത്തല സൗകര്യവികസനത്തിന്  വിദ്യാഭ്യാസമേഖലയിൽ പദ്ധതികൾ നടപ്പാക്കിയ കേരളത്തിൽ ഈ ലക്ഷ്യം മുൻനിർത്തി കേന്ദ്രം നടപ്പാക്കുന്ന PM-ശ്രീ പദ്ധതി ആവശ്യമില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. നിയമസഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയ നോട്ടീസുമായി ബന്ധപ്പെട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കരാർ റദ്ദാക്കാനല്ല, മരവിപ്പിക്കാനാണ് LDF ഗവൺമെന്റ് തീരുമാനിച്ചതെന്നും, പുതിയ ഗവൺമെന്റ് തീരുമാനം എടുത്താലേ പദ്ധതി കേരളത്തിൽ നടപ്പാക്കാൻ സാധിക്കൂ എന്നും പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

ഇതുമായി ബന്ധപ്പെട്ട് LDF ഗവൺമെന്റ് ഫണ്ടൊന്നും വാങ്ങിയിട്ടില്ലെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

✪✪✪

അന്തർസംസ്ഥാന മയക്കുമരുന്ന് കടത്തിനെതിരെ സംയുക്ത പോരാട്ടം ശക്തമാക്കാൻ കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് മുഖ്യമന്ത്രി VD സതീശൻ കത്തയച്ചു. ലഹരിമരുന്ന് വ്യാപനത്തിൽ നിന്ന് ആളുകളെ മുക്തമാക്കാനും മയക്കുമരുന്ന് കടത്ത് ശൃംഖലകളുടെ അടിവേരറുക്കാനും സംസ്ഥാന ഗവണ്മെന്റ് നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് കത്ത്.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്റലിജൻസ് അധിഷ്ഠിതമായ നിയമനടപടികൾ ശക്തിപ്പെടുത്തുകയും, മയക്കുമരുന്ന് കടത്തുകാരുടെ സാമ്പത്തിക ശൃംഖലകൾ തകർക്കുകയും, അനധികൃത സമ്പാദ്യങ്ങൾ കണ്ടുകെട്ടുകയും ചെയ്യുന്നതായി മുഖ്യമന്ത്രി കത്തിൽ അറിയിച്ചു.

അന്തർസംസ്ഥാന, അന്തർദേശീയ മയക്കുമരുന്ന് കടത്തുകാരെ അറസ്റ്റ് ചെയ്യാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ടെന്നും, ഇത്തരം സംഘങ്ങളെ ഫലപ്രദമായി നേരിടുന്നതിന് തത്സമയ വിവരകൈമാറ്റം, സംയുക്ത ഓപ്പറേഷനുകൾ, ഏകോപിത ആസൂത്രണം എന്നിവ അനിവാര്യമാണെന്നും മുഖ്യമന്ത്രി കത്തിൽ അഭിപ്രായപ്പെട്ടു.

✪✪✪

മനുഷ്യ - വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് വനംവകുപ്പ് 'വിഷൻ 2031'പദ്ധതി തയ്യാറാക്കിയതായി മന്ത്രി ഷിബു ബേബി ജോൺ നിയമസഭയിൽ പറഞ്ഞു.

സംഘർഷം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, അർഹമായ ധനസഹായം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി ചോദ്യോത്തരവേളയിൽ അറിയിച്ചു.

വനങ്ങളുടെ വാഹകശേഷി കണക്കാക്കാനും, വന്യജീവികൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി പഠിക്കാനും, ഡെറാഡൂണിലെ 'വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ'യുമായി വനംവകുപ്പ് ആശയ വിനിമയം നടത്തിയതായും ഷിബു ബേബി ജോൺ പറഞ്ഞു.

മനുഷ്യന് ഭീഷണിയാകുന്ന വന്യജീവികളെ കൊല്ലാൻ നിയമതടസങ്ങൾ ഉണ്ടെന്നും, ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

പട്ടികവർഗ വിഭാഗം വിദ്യാർത്ഥികൾക്കായി മുൻ ഗവൺമെന്റ് നടപ്പാക്കിയ 'ഗോത്ര ബന്ധു' പദ്ധതി നിർത്തലാക്കിയിട്ടില്ലെന്ന് മന്ത്രി KA തുളസി അറിയിച്ചു. പദ്ധതിയുടെ ഭാഗമായി, 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ടെന്ന് ചോദ്യോത്തരവേളയിൽ മന്ത്രി പറഞ്ഞു.

സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി കോഴ്സുകൾ പരിഷ്കരിക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുമെന്നും KA തുളസി വ്യക്തമാക്കി.

✪✪✪

ജലജന്യരോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ ക്വാളിറ്റി കൺട്രോൾ വിഭാഗം ശേഖരിച്ച് പരിശോധിച്ച് വരുന്നതായി മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. പുതിയ ജല നയം രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം നിയമസഭയിൽ അറിയിച്ചു.

കുടിവെള്ളപദ്ധതികൾക്കും മറ്റും റോഡുകളിൽ ചാലെടുക്കുമ്പോൾ അവ സമയബന്ധിതമായി നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മോൻസ് ജോസഫ് പറഞ്ഞു.

✪✪✪

തിരുവനന്തപുരം കോർപറേഷനിലെ 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ അസാധുവെന്ന് ഹൈക്കോടതി വിധിച്ചു.

കൗൺസിലർമാർ വിവിധ ദൈവങ്ങൾ, രക്തസാക്ഷികൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയുടെ പേരിൽ എടുത്ത സത്യപ്രതിജ്ഞയാണ്, അസാധുവെന്ന് ഹൈക്കോടതി കണ്ടെത്തിയത്. നാല് ആഴ്ചയ്ക്കകം കൗൺസിലർമാരോട് വീണ്ടും സത്യപ്രതിജ്ഞ ചെയ്യണമെന്ന് ജസ്റ്റിസ് PV കുഞ്ഞികൃഷ്ണൻ നിർദേശിച്ചു.

✪✪✪

തിരുവനന്തപുരം നഗരസഭയിലെ BJP കൗൺസിലർമാർ ഹൈക്കോടതി വിധി പ്രകാരം വീണ്ടും സത്യപ്രതിജ്ഞ ചെയ്യുമെന്ന് മേയർ VV രാജേഷ് പറഞ്ഞു. ഹൈക്കോടതി വിധി പാലിച്ചുമുന്നോട്ടുപോകാനാണ് തീരുമാനമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

നികുതി കുറച്ച് കേരളത്തെ മദ്യ ഇടനാഴി ആക്കാനാണ് സംസ്ഥാന ഗവൺമെന്റിന്റെ ശ്രമമെന്ന് BJP നിയമസഭാ കക്ഷി നേതാവ് BB ഗോപകുമാർ MLA പറഞ്ഞു.

ബജറ്റിൽ പ്രഖ്യാപിച്ച മദ്യനയത്തിലെ ഇളവ് കേരളവും കർണാടകവും തമ്മിലുള്ള ഡീൽ ആണെന്നും ഒരു വശത്ത് ഓപ്പറേഷൻ തൂഫാൻ നടത്തുകയും മറുവശത്ത് മദ്യ വിപണിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് മുഖ്യമന്ത്രി സ്വീകരിക്കുന്നതെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വീര്യം കുറഞ്ഞ മദ്യത്തിന് നികുതി ഇളവ് നൽകിയ നടപടി ഗവൺമെന്റ് പുന:പരിശോധിക്കണമെന്നും ഗോപകുമാർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ മദ്യനയത്തിനെതിരെ സംസ്ഥാന വ്യാപകമായി DYFI പ്രതിഷേധിച്ചു. കൊച്ചിയിലും കോഴിക്കോട്ടും മലപ്പുറത്തും പൊലിസ് ബാരിക്കേഡ് ഉപയോഗിച്ച് പ്രകടനം തടഞ്ഞു. തൃശൂരിൽ പ്രവർത്തകർക്ക് നേരെ പൊലീസ് ജലപീരങ്കി ഉപയോഗിച്ചു.

✪✪✪

ബിശ്വനാഥ് സിൻഹ കേരളത്തിന്റെ അടുത്ത ചീഫ് സെക്രട്ടറിയാകും. രാവിലെ ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗമാണ് പുതിയ ചീഫ് സെക്രട്ടറിയെ തീരുമാനിച്ചത്. 1991 ബാച്ച് IAS ഉദ്യോഗസ്ഥനായ ബിശ്വനാഥ് സിൻഹ, നിലവിൽ ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ രാത്രി 12.30-ന് കാനഡയിൽ, സ്വിറ്റ്സർലണ്ട് - കാനഡയെ നേരിടും. ബോസ്നിയ- ഖത്തർ മത്സരം സിയറ്റിലാണ്. ഫ്ലോറിഡയിൽ നാളെ പുലർച്ചെ 3.30-ന് ബ്രസീൽ - സ്കോട്ലൻഡിനേയും, അറ്റ്ലാന്റയിൽ മൊറോക്കോ - ഹെയ്തിയെയും നേരിടും.

✪✪✪

ലണ്ടനിൽ FIH പ്രോ-ലീഗ് പുരുഷ ഹോക്കിയിൽ നാളെ ഇന്ത്യ, ഇംഗ്ലണ്ടിനെയും മറ്റന്നാൾ പാകിസ്ഥാനെയും നേരിടും. ഈ മാസം 28-ന് ഇംഗ്ലണ്ടിനെതിരായ രണ്ടാമത്തെ മത്സരത്തോടെ, ഇന്ത്യയുടെ പര്യടനം അവസാനിക്കും.

✪✪✪

സംഭരണം സജീവമാക്കിയതോടെ വിപണിയിൽ ഏലയ്ക്ക വില വീണ്ടും ഉയരുന്നു. ശരാശരി വില കിലോയ്ക്ക് 2,500-ൽ നിന്ന് 2,800 രൂപയായാണ് വർധിച്ചത്. മൂന്ന് മാസത്തിനിടെ ഇതാദ്യമായാണ് വിലയിലെ മുന്നേറ്റം. ഓൺലൈൻ ലേലങ്ങളിൽ ഗുണമേന്മയേറിയ ഏലക്കായ്ക്ക് 3500 രൂപ വരെ ഇപ്പോൾ വില ലഭിക്കുന്നുണ്ട്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.......

....വോയിസ്......

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ സംഘർഷങ്ങളെ തുടർന്ന് കഴിഞ്ഞ മൂന്ന് മാസമായി ഏലയ്ക്ക കയറ്റുമതിയിൽ വൻ ഇടിവ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ വരും ദിവസങ്ങളിൽ കയറ്റുമതി പുനരാരംഭിക്കുമെന്ന പ്രതീക്ഷയിലാണ് വ്യാപാരികൾ. വേനൽമഴയുടെ കുറവ് മൂലം ഹൈറേഞ്ച് മേഖലകളിൽ ഏലച്ചെടികൾക്ക് ഉണക്ക് ബാധിച്ചിരുന്നു. നിലവിൽ മഴ ലഭിക്കുന്നുണ്ടെങ്കിലും ഉത്പാദനം പൂർണ്ണതോതിൽ ഉയരാത്തതും വിപണിയിൽ വില വർധിക്കാൻ കാരണമായി. ഇതോടെ മുൻപ് രണ്ട് ലക്ഷം രൂപ വരെ നൽകി ഏക്കറിന് പാട്ടത്തിനെടുത്തിരുന്ന കർഷകർ, ഇപ്പോൾ കൂടുതൽ തുക നൽകി ഭൂമി ഏറ്റെടുക്കാൻ തയ്യാറാകുന്നുണ്ട്. മുൻപ് 2019 ഓഗസ്റ്റിലാണ് ഏലം വില റെക്കോർഡിൽ എത്തിയത്. അന്ന് പുറ്റടി സ്പൈസസ് പാർക്കിൽ നടന്ന ഇ-ലേലത്തിൽ കിലോയ്ക്ക് 7000 രൂപ വരെയും കട്ടപ്പന കമ്പോളത്തിൽ 6000 രൂപ വരെയും ലഭിച്ചിരുന്നു. എന്നാൽ പിന്നീട് വില കുത്തനെ ഇടിഞ്ഞ് കിലോയ്ക്ക് 950 രൂപ വരെ എത്തി. അവിടെ നിന്നാണ് ഇപ്പോൾ വിപണി വീണ്ടും തിരിച്ചു വരവിന്റെ പാതയിലായിരിക്കുന്നത്.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവം ഇന്ന് സമാപിക്കും. തൃക്കലശാട്ടോടെയാണ് സമാപനം. ചോതി വിളക്കണക്കൽ, ശ്രീകോവിൽ പൊളിക്കൽ, കലശ്ശാട്ടം, കളഭാട്ടം, മുതിരേരി വാൾ തിരിച്ചെഴുന്നള്ളിക്കൽ തുടങ്ങി വൈവിധ്യമാർന്ന ചടങ്ങുകൾ ഇന്ന് നടത്തും.

✪✪✪

സംസ്ഥാനത്ത് മുഹറം വെള്ളിയാഴ്ച ആചരിക്കുന്ന സാഹചര്യത്തിൽ, വ്യാഴാഴ്ചത്തെ പൊതു അവധി വെള്ളിയാഴ്ചയിലേക്ക് മാറ്റി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. വ്യാഴാഴ്ച പ്രവൃത്തിദിവസം ആയിരിക്കും.

✪✪✪

14-ാമത് പാസ്പോർട്ട് സേവാ ദിനത്തോടനുബന്ധിച്ച്, ഇന്ത്യയിലെയും വിദേശങ്ങളിലെയും എല്ലാ പാസ്പോർട്ട് അധികൃതർക്കും വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ആശംസ നേർന്നു. 'സുരക്ഷിത് പാസ്പോർട്ട്, സുഗം സേവ, സശക്ത് നാഗരിക്' എന്ന കാഴ്ചപ്പാടോടെ പാസ്പോർട്ട് സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യവുമാക്കാനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

✪✪✪

ഐക്യരാഷ്ട്രസഭയിലെ സഹ അധ്യക്ഷസ്ഥാനം, രാഷ്ട്രീയവത്കരണത്തിന് ഉപയോഗിക്കുന്ന പാകിസ്ഥാന്റെ പക്ഷപാത പെരുമാറ്റത്തിനെതിരെ ഇന്ത്യ പ്രതിഷേധിച്ചു. കശ്മീർ പ്രശ്നം രാഷ്ട്രീയവത്കരിക്കുന്ന പാക് ശ്രമത്തിൽ, ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധി P.ഹരീഷ് ആണ് പ്രതിഷേധം അറിയിച്ചത്.

✪✪✪

ഹോർമുസ് കടലിടുക്കിൽ കുടുങ്ങിക്കിടക്കുന്ന 11,000-ത്തിലധികം നാവികരെ ഒഴിപ്പിക്കുന്നതിന്, അന്താരാഷ്ട്ര സമുദ്ര സംഘടന പദ്ധതി പ്രഖ്യാപിച്ചു. ഒഴിപ്പിക്കൽ പ്രവർത്തനത്തെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ സുരക്ഷാ ഗ്യാരണ്ടികൾ പരിശോധിച്ചതായും, സുരക്ഷിത സാഹചര്യങ്ങളാണെന്നും IMO സെക്രട്ടറി ജനറൽ ആർസെനിയോ ഡൊമിംഗ്വസ് പറഞ്ഞു.

✪✪✪

UN സമാധാന സേനാംഗങ്ങൾക്ക് നേരെ ആക്രമണം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ഐക്യരാഷ്ട്രസഭാ സുരക്ഷാ കൗൺസിൽ ഏകകണ്ഠമായി പ്രമേയം പാസാക്കി. സമാധാന സേനയ്ക്കോ അവരുടെ കേന്ദ്രങ്ങൾക്കോ നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾ യുദ്ധക്കുറ്റമായി കണക്കാക്കാമെന്ന് പ്രമേയം വ്യക്തമാക്കുന്നു.

✪✪✪

*News  Editor വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team: എ വി ഫർദിസ്, അൻഷ കരീം*
*DEO : സി കെ സുബോധ്*